# കരിമീനിനു വ്രണങ്ങൾ

മത്സ്യം

ഡോ. പി.എ. വികാസ്

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in



*? ഞാൻ കരിമീൻകൃഷി ചെയ്യുന്നുണ്ട്. മീനുകളുടെ പുറത്ത് വ്രണങ്ങളും പേൻപോലുള്ള ചെറിയ ജീവികളും കാണുന്നുണ്ട്. ചില മീനുകൾ ചാകുന്നുമുണ്ട്. എന്താണിത്. എന്താണ് പ്രതിവിധി.*

ടി.പി. ബാഹുലേയൻ, വൈക്കം

● കരിമീനുകളിൽ കണ്ടത് കാലിഗസ് മിനിമസ് എന്നു ശാസ്ത്രനാമമുള്ള കടൽ പേനാണ്. പരാദജീവികളായ ഇവ രക്തം കുടിച്ചാണു ജീവിക്കുന്നത്. അതിനാൽ, കരിമീനിന്റെ സ്വാഭാവിക വളർച്ചയും പ്രത്യുൽപാദനവും കുറയും. ഇവ രക്തം കുടിക്കുന്നതുമൂലം മത്സ്യശരീരത്തിലുണ്ടാകുന്ന മുറിവുകൾ ക്രമേണ വ്രണങ്ങളായി മാറും. വ്രണങ്ങളിൽ പിന്നീട് ബാക്ടീരിയ, ഫംഗസ്, വൈറസ് തുടങ്ങിയവ ബാധിച്ച് മത്സ്യങ്ങൾ ചാകുന്നു. പേനുകൾ പെട്ടെന്ന് പെറ്റുപെരുകി വേഗത്തിൽ വളരുന്നതിനാൽ വളരെ പെട്ടെന്നു കുളങ്ങളിലുള്ള എല്ലാ മീനുകളിലേക്കും വ്യാപിക്കുകയും ചെയ്യും.

കുളങ്ങൾ വറ്റിച്ചുണക്കുകയാണ് ശാശ്വത പരിഹാരമാർഗം. എന്നാൽ, കുളത്തിൽ നിലവിൽ മത്സ്യങ്ങളുള്ളതിനാൽ വറ്റിക്കാനാവില്ല. അതിനാൽ മരുന്നുപ്രയോഗമാണ് ഉചിതം. ചെന്നൈയിലെ കേന്ദ്ര ഓരുജല ഗവേഷണ സ്ഥാപനം (ഫോൺ: 8612300362) കണ്ടുപിടിച്ച നോവസൈഡ് എഎൽഎഫ് എന്ന മരുന്ന് വിപണിയിൽ ലഭ്യമാണ്. ഒരു കിലോ മത്സ്യത്തീറ്റയിൽ ഇത് ഒരു ഗ്രാം എന്ന തോതിൽ കലർത്തി തുടർച്ചയായി 7 ദിവസം നൽകുക. മരുന്ന് മീനുകളുടെ ഉള്ളിൽ എത്തിയാൽ രക്തത്തിൽ കലരുകയും പേനുകൾ രക്തം കുടിക്കുമ്പോൾ അവ ചത്തുപോവുകയും ചെയ്യും. ●